# പാദവാർഷിക മൂല്യനിർണയം 2017–18

## സാമൂഹ്യശാസ്ത്രം

സമയം : 2 മണിക്കൂർ

സ്റ്റാൻഡേർഡ്: 7

ആകെ പോയിന്റ് :40

### അധ്യാപകർക്കുള്ള നിർദേശങ്ങൾ

1. മൂല്യനിർണയ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനു മുമ്പ് സമാശ്വാസ സമയം നൽകണം. ഈ സമയം കുട്ടികൾ ചോദ്യങ്ങൾ വായിച്ചു മനസ്സിലാക്കട്ടെ.
2. ആകെ പോയിന്റ് 40. ഓരോ ചോദ്യത്തിനും 5/4/3/2/1 എന്നീ രീതിയിൽ പോയിന്റ് കണക്കാക്കി a/b/c/d/e എന്നിങ്ങനെ നിലവാര സൂചകങ്ങൾ നൽകണം
3. എല്ലാ ചോദ്യത്തിന്റെയും നിലവാര സൂചകങ്ങൾ പരിഗണിച്ച് 5 പോയിന്റ് ശതമാന പട്ടിക ഉപയോഗിച്ച് ഓവറോൾ ഗ്രേഡ് നൽകണം. (A/B/C/D/E)
4. ഗ്രേഡിംഗ് സൂചകങ്ങൾ ചുവടെ നൽകുന്നു.

**പ്രവർത്തനം 1**

പഠന നേട്ടം: ശാസ്ത്രസാങ്കേതിക രംഗത്തെ വളർച്ച വ്യവസായ വിപ്ലവത്തിന് കാരണമായി എന്ന് കണ്ടെത്തുന്നു.

എ. ഇംഗ്ലണ്ട് (1)

ബി.
- ശാസ്ത്രരംഗത്തെ പുരോഗതിയും യന്ത്രങ്ങളുടെ കണ്ടുപിടുത്തവും
- യന്ത്രങ്ങൾ ഉൽപാദനരംഗത്ത് വരുത്തിയ മാറ്റങ്ങൾ- ഉൽപാദനവർധനവ്
- ഉൽപാദനച്ചെലവ് കുറഞ്ഞു. (3)

സി.
- ഫ്ളയിംഗ് ഷട്ടിൽ
- സ്പിന്നിംഗ് ജന്നി
- ആവിയന്ത്രം
- ലോക്കോമോട്ടീവ്

(രണ്ടെണ്ണമെങ്കിലും എഴുതിയാൽ) (1)

**പ്രവർത്തനം 2**

പഠനനേട്ടം: ലോകജനതയിൽ മാനവികതയും അന്വേഷണത്വരയും വളർന്നു വരാൻ നവോത്ഥാനം പങ്കുവഹിച്ചു എന്ന് വിശദീകരിക്കുന്നു

എ.
- ഇംഗ്ലീഷ്,സ്പാനിഷ്,ഫ്രഞ്ച് തുടങ്ങിയ പ്രാദേശിക ഭാഷകളിൽ കൃതികൾ രചിക്കാൻ തുടങ്ങി.
- മത വിശ്വാസത്തിനുപകരം മനുഷ്യജീവിതം.
- സാഹിത്യ ഉള്ളടക്കം.
- ശിൽപകല,ചിത്രവിദ്യയിലും ഇതേമാറ്റം.
- വ്യത്യസ്ത രീതിയിൽ ചിന്തിക്കാനുള്ള പ്രേരണ.
- യുക്തിചിന്തയും, അന്വേഷണ ത്വരയും വളർന്നു.

(4)

ബി.
- പെട്രാർക്ക്, ദാന്തെ, ബൊക്കാച്ചിയോ, സെർവാന്തേ, ഇറാസ്മസ്

(ഏതെങ്കിലും രണ്ടു പേരെങ്കിലും എഴുതിയാൽ ) (1)

**പ്രവർത്തനം 3**

പഠനനേട്ടം: ഇന്ത്യയിലേക്ക് കടൽമാർഗം വാണിജ്യപാത കണ്ടെത്തിയതോടെ പോർച്ചുഗൽ, നെതർലാന്റ്സ് , ഇംഗ്ലണ്ട്, ഫ്രാൻസ് എന്നീ രാജ്യങ്ങളിൽനിന്ന് കച്ചവടക്കാർ ഇവിടെ എത്തിയെന്ന് വിലയിരുത്തുന്നു.

എ. പറങ്കികൾ (1)

ബി. പൈനാപ്പിൾ, പേരയ്ക്ക, പപ്പായ, വറ്റൽമുളക്, കശുവണ്ടി, പുകയില (നാലെണ്ണമെങ്കിലും എഴുതിയാൽ) (2)

സി. • മറ്റു യൂറോപ്യൻ ശക്തികളുമായി മത്സരിക്കാനുള്ള സാമ്പത്തിക സൈനികശക്തിക്കുറവ്
• പ്രാദേശികമായ ചെറുത്തുനിൽപ്പുകൾ (2)

**പ്രവർത്തനം 4**

പഠനനേട്ടം: കച്ചവടക്കുത്തക നേടിയ ഇംഗ്ലീഷുകാർ ഇവിടെ രാഷ്ട്രീയാധികാരം സ്ഥാപിച്ചതെങ്ങനെയെന്ന് വ്യക്തമാക്കുന്നു

എ. യുദ്ധങ്ങൾ വഴി
നിയമനിർമാണങ്ങൾവഴി (2)

ബി. യുദ്ധങ്ങൾ വഴി - ബംഗാൾ, മലബാർ, കൂർഗ്, മറാത്ത
നിയമനിർമാണം വഴി - ഹൈദരാബാദ്, തഞ്ചാവൂർ, ഇൻഡോർ, ഝാൻസി, സത്താറ, നാഗ്പൂർ
(രണ്ട് ഉദാഹരണങ്ങൾ വീതമെങ്കിലും എഴുതിയാൽ) (2)

സി. ഗുജറാത്തിലെ സൂറത്ത് (1)

**പ്രവർത്തനം 5**

പഠനനേട്ടം: ബ്രിട്ടീഷുകാർ ഇന്ത്യയിൽ നടപ്പാക്കിയ സാമ്പത്തിക നയങ്ങൾ ജനജീവിതം ദുരിതപൂർണമാക്കിയെന്ന് വ്യക്തമാക്കുന്നു

എ. • അമിതമായ നികുതിഭാരം
• കൃഷി നശിച്ചാലും ഇളവുകളില്ല
• നികുതി പിരിക്കാൻ ഇടനിലക്കാർ
• നികുതി പണമായിത്തന്നെ നൽകണം
• പണത്തിനായി പലിശക്കാരെ ആശ്രയിക്കേണ്ടിവന്നു
(നാലെണ്ണമെങ്കിലും സൂചിപ്പിച്ചാൽ ) (4)

ബി. • പരുത്തി, ചണം, നീലം
(രണ്ടെണ്ണമെങ്കിലും എഴുതിയാൽ) (1)

**പ്രവർത്തനം 6**

പഠന നേട്ടം: ബ്രിട്ടീഷുകാർ ഇന്ത്യയിൽ നടപ്പാക്കിയ സാമ്പത്തിക് നയങ്ങൾ ജനജീവിതം ദുരിതപൂർണമാക്കിയെന്ന് വ്യക്തമാക്കുന്നു

എ. • ഹാൻഡ്‌വീവ്, ഹാൻടെക്സ്
(ഒരെണ്ണമെങ്കിലും എഴുതിയാൽ) (1)

ബി. • നഗോഢകൾ (1)

സി. • അസംസ്കൃതവസ്തുക്കൾ ബ്രിട്ടനിലേക്ക് കയറ്റി അയയ്ക്കൽ
• ബ്രിട്ടണിലെ വില കുറഞ്ഞ തുണിത്തരങ്ങൾ ഇന്ത്യയിലേക്ക് ഇറക്കുമതി ചെയ്തു
• ഇന്ത്യൻ നിർമിത തുണിത്തരങ്ങൾക്ക് ഉയർന്ന നികുതി ഈടാക്കി (3)

**പ്രവർത്തനം 7**

പഠനനേട്ടം: 1857 ലെ ഒന്നാം സ്വാതന്ത്ര്യസമരത്തിന്റെ സവിശേഷതകൾ തിരിച്ചറിയുന്നു.

എ. • തുച്ഛമായ വേതനം
• ദീർഘ നേരമുള്ള ജോലി
• അവധിയില്ലായ്മ
• മേലുദ്യോഗസ്ഥരുടെ മോശമായ പെരുമാറ്റം
• മോശമായ ഭക്ഷണം
(നാലെണ്ണമെങ്കിലും സൂചിപ്പിച്ചാൽ ) (4)

ബി. • മംഗൾപാണ്ഡെ (1)

**പ്രവർത്തനം 8**

പഠനനേട്ടം: ഇന്നു നിലനിൽക്കുന്ന സാമൂഹ്യ തിന്മകൾക്കെതിരെ പ്രതികരിക്കാനുള്ള മനോഭാവം നേടുന്നു.

എ. സമൂഹ്യതിന്മ കണ്ടെത്തിയിട്ടുണ്ട് (1)

ബി. പൊതുജീവിതം തടസ്സപ്പെടുത്തുന്നത്, ലിംഗ വിവേചനമുള്ളത്, സാമൂഹ്യനീതി നിഷേധിക്കുന്നത് എന്നിങ്ങനെയുള്ള കാരണങ്ങൾ കൊണ്ട് സാമൂഹ്യ തിന്മയാണ് എന്ന് സ്ഥാപിച്ചിട്ടുണ്ട്. (2)

സി. സ്വന്തം നിലപാട് പ്രതിഫലിക്കുന്നത് (1)

ഡി. ബദൽ നിർദേശം / പരിഹാര നിർദേശം മുന്നോട്ടു വച്ചിട്ടുണ്ട് (1)

**പ്രവർത്തനം 9**

പഠനനേട്ടം: 1857ൽ നടന്ന ഒന്നാം സ്വാതന്ത്ര്യ സമരത്തിന്റെ സവിശേഷത തിരിച്ചറിഞ്ഞ് പ്രസ്താവിക്കുന്നു.

എ. • സംഘടിത സ്വഭാവം ഉണ്ടായിരുന്നില്ല
- ബ്രിട്ടീഷുകാരുടെ ഉയർന്ന സംഘടനാശേഷിയും സൈനികശേഷിയും.
- എല്ലാ വിഭാഗക്കാരുടെയും പിന്തുണ കിട്ടിയില്ല.
- ഇംഗ്ലീഷ് വിദ്യാഭ്യാസം നേടിയ ഇന്ത്യക്കാരുടെ എതിർപ്പ്.
- സമ്പന്ന നാട്ടുരാജാക്കന്മാർ ബ്രിട്ടീഷുകാരെ പിന്തുണച്ചു.

(നാലെണ്ണമെങ്കിലും എഴുതിയാൽ ) (4)

ബി. • ബഹദൂർഷാ രണ്ടാമൻ (1)

**പ്രവർത്തനം 10**

പഠനനേട്ടം: ഇന്ത്യൻ ദേശീയത രൂപപ്പെടുന്നതിനിടയാക്കിയ ഘടകങ്ങൾ ലിസ്റ്റു ചെയ്യുന്നു.

എ. • ബ്രിട്ടീഷുകാർ നാട്ടുരാജ്യങ്ങളെ ഒറ്റ ഭരണത്തിൻ കീഴിലാക്കി.
- ബ്രിട്ടീഷുകാരുടെ സാമ്പത്തിക ചൂഷണം അവർക്കെതിരെ പൊതുവികാരമുണ്ടാക്കി
- ഇംഗ്ലീഷ് വിദ്യാഭ്യാസവും ഗതാഗതവാർത്താവിനിമയവും ജനങ്ങളെ ഒരുമിപ്പിച്ചു.
- ഒന്നാം സ്വാതന്ത്ര്യസമരം ജനങ്ങളിൽ ഒരുമയുണ്ടാക്കി

(മൂന്നെണ്ണമെങ്കിലും എഴുതിയാൽ ) (3)

ബി. • ബങ്കിം ചന്ദ്ര ചാറ്റർജി
- രവീന്ദ്രനാഥ ടാഗോർ
- മുഹമ്മദ് ഇക്ബാൽ
- ലക്ഷ്മീനാഥ് ബസ്ബറുവ
- അൽത്താഫ് ഹുസൈൻ

(4 പേരെങ്കിലും എഴുതിയാൽ ) (2)